# INDIAN SCHOOL AL MAABELA

## (ISO 9001:2015 CERTIFIED INSTITUTION)

## SAMPLE QUESTION PAPER - 2019-20

## MALAYALAM 3rd LANGUAGE

*ISAM/FR/MDL/QP/02*

**Class:VIII**

**Date: /09/2019**

**Max.Marks: 40**

**Time: 1 Hr 30 Min**

**താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

ആദ്യകാലത്ത് മനുഷ്യനും കാടുതന്നെയായിരുന്നു വീട്. കായ്കനികൾ ഭക്ഷിച്ചും, മൃഗങ്ങളെ വേട്ടയാടിയും, വൃക്ഷശിഖരങ്ങളിൽ ഉറങ്ങിയും കഴിഞ്ഞിരുന്ന മനുഷ്യൻ ഇന്ന് വനത്തിൻെറ ഏറ്റവും വലിയ ശത്രുവായി മാറിയിരിക്കുന്നു. കൃഷിയുടെ തുടക്കമാണ് വനനാശത്തിന് കാരണമായിരിക്കുന്നത്. മരങ്ങൾ വെട്ടിമാറ്റിയും, വന്യജീവികളെ കൊന്നൊടുക്കിയും ഇന്ന് മനുഷ്യൻ വനങ്ങളെ കൃഷിഭൂമികളാക്കി മാറ്റുകയാണ്. വനനശീകരണം മനുഷ്യനാശത്തിനു തന്നെ വഴിയൊരുക്കുന്നു. അവിസ്മരണീയമായ മനുഷ്യസേവനത്തിൻെറ വറ്റാത്ത ഉറവിടമാണ് വനം എന്ന് ആധുനികശാസ്ത്രം നമ്മെ ഓർമ്മിപ്പിക്കുന്നു. മഴ പെയ്യിക്കുന്നത്, താപനില ക്രമപ്പെടുത്തുന്നത്, മണ്ണൊലിപ്പ് വെള്ളപ്പൊക്കം എന്നിവ തടയുന്നത്, മരങ്ങളും വനങ്ങളുമാണ്. വ്യവസായത്തിന് വേണ്ട തടിയും, പാചകത്തിനു വേണ്ട വിറകും, ധാരാളം ഔഷധസസ്യങ്ങളും, കാലിത്തീറ്റയും സുഗന്ധദ്രവ്യങ്ങളും അങ്ങനെ എത്രയെത്ര വിഭവങ്ങളാണ് വനത്തിൽ നിന്നും ശേഖരിക്കുന്നത്. വനഭൂമികൾ നശിപ്പിക്കുന്നത് തടഞ്ഞുകൊണ്ട് രാജ്യത്ത് വനസംരക്ഷണ നിയമങ്ങൾ നടപ്പിലായിക്കഴിഞ്ഞു. പലതരത്തിലുള്ള പുഷ്പങ്ങളും സുഗന്ധദ്രവ്യങ്ങളും നിറഞ്ഞു നിൽക്കുന്ന വനങ്ങൾ, പ്രകൃതി ഒരുക്കുന്ന പൂന്തോട്ടമാണ്, പ്രകൃതി മനുഷ്യനു നൽകുന്ന മനോഹരമായ സമ്മാനമാണ്. ആ മനോഹര സമ്മാനം നമ്മൾ നശിപ്പിക്കരുത്, നഷ്ടപ്പെടുത്തരുത്.

1. ഉചിതമായ ശീർഷകം നൽകുക ? 1



Scanned with CamScanner

2. മനുഷ്യനാശത്തിന് ഇടയാക്കുന്നത് എന്ത് ? 1

3. ആധുനിക ശാസ്ത്രം നമ്മെ ഓർമ്മിപ്പിക്കുന്നത് എന്ത് ? 1

4. വനഭൂമി നശിപ്പിക്കുന്നത് തടയാനായി രാജ്യത്ത് നടപ്പിലായ നിയമം ഏത് ? 1

5. പ്രകൃതി മനുഷ്യനു നൽകുന്ന മനോഹരമായ സമ്മാനം എന്ത് ? 1

**II** **ചുവടെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് ലഘുക്കുറിപ്പ് തയ്യാറാക്കുക** 3

1. കായിക വിദ്യാഭ്യാസത്തിൻെറ പ്രാധാന്യം
2. മാലിന്യ വിമുക്ത കേരളം

**III** കരാട്ടെ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ സുഹൃത്തിനെ അഭിനന്ദിച്ചു കൊണ്ട് കത്ത് തയ്യാറാക്കുക. 5

**IV** **അർത്ഥം എഴുതുക**

1. ഉപവിഷ്ടരാവുക ½
2. അംശുമാൻ ½

**V** **പര്യായപദങ്ങൾ എഴുതുക** 1

1. കുരങ്ങൻ

**VI** **നാനാർത്ഥപദങ്ങൾ എഴുതുക** 1

1. വർഷം

**VII** **പിരിച്ചെഴുതുക** 1

1. മടുപ്പില്ലേ
2. തല്ലിക്കൊഴിക്കും

**VIII** **പദം വിഗ്രഹിക്കുക** 1

1. വികൃതരൂപം
2. മനുഷ്യജീവിതം

**ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരമെടുത്തെഴുതുക**

**IX** **വിപരീതപദം എഴുതുക**

1. മിതം ( അധികം, കുറവ്, ലോപം, അമിതം ) ½
2. സഹ്യം ( അസഹനീയം, സാഹ്യം, അസഹ്യം, അസാഹ്യം ) ½

**X** **അർത്ഥവ്യത്യാസം എഴുതുക** 1

1. അയുതം - ആയുധം ( ഉപകരണം, അഴുക്ക്, തീരം, പതിനായിരം )

**XI** **ശരിയായ പദം തെരഞ്ഞെടുത്തെഴുതുക** 1

1. ഉടമസ്ഥൻ, ഉടമസ്ത്തൻ, ഉടമസ്തൻ, ഉടമസ്ദൻ



Scanned with CamScanner

1 2. ആധുനികം, ആദുനികം, ആധുനീകം, ആതുനികം

XII എതിർലിംഗം എഴുതുക

1. രാജാവ് ( റാണി, രാജ്ഞി, പ്രജ, രാജാക്കന്മാർ ) ½
2. പണിക്കാരൻ ( പണിക്കാരി., ജോലിക്കാരി, വേലക്കാരി, പണിക്കാരന്മാർ ) ½

XIII ബഹുവചനരൂപം എഴുതുക ½

1. പുരുഷൻ ( പുരുഷർ, പൗരുഷർ, പുരുഷി, പുരുഷന്മാർ ) ½
2. മിടുക്കൻ ( മിടുക്കർ, മിടുക്കികൾ, മിടുക്കന്മാർ, മിടുക്കി ) 1

XIV തെറ്റുണ്ടെങ്കിൽ തിരുത്തുക

1. രാമു വീണ്ടും ഒരിക്കൽ കൂടി ആ പുസ്തകം വായിച്ചു. 2

XV ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ആ വാനരനാണ് യഥാർത്ഥ നേതാവ്. അവനെ രക്ഷിക്കൂ. രാജാവ് ആരോടാണ് ഇങ്ങനെ ആജ്ഞാപിച്ചത് ?
   ( ഭടന്മാരോട്, വാനരന്മാരോട്, നേതാവിനോട് )
2. വിദ്യ നൽകുന്ന ആൾ എന്താണ് നമുക്ക് തരുന്നത് ?
   ( ആനന്ദം, കോപം, ധനം )
3. 'പ്രകൃതിയുടെ കവി' എന്നറിയപ്പെടുന്നതാര് ?
   ( പി, കുഞ്ഞിരാമൻ നായർ, ഉള്ളൂർ , എഴുത്തച്ഛൻ )
4. മുകിൽ പോലെ മായുന്നത് ആരാണ് ?
   ( കാറ്റ്, മഴ, കടൽ ) 8

XVI രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക

1. ആന വീഴാനിടയായത് എങ്ങനെ ?
2. കാറ്റ് എവിടെയൊക്കെയാണ് പാഞ്ഞുനടന്ന് കളിക്കുന്നത് ?
3. കർഷകൻെറ മിത്രം കർഷകൻെറ മക്കളോട് പറഞ്ഞതെന്ത് ?
4. രാജാവിൻെറ വിളംബരം എന്തായിരുന്നു ? 6

XVII നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക

1. നേതാവ് കുട്ടിക്കുരങ്ങന്മാരെ രക്ഷിച്ചത് എങ്ങനെ ?
2. പറമ്പ് മക്കളെക്കൊണ്ട് കിളപ്പിക്കാൻ കർഷകൻ പ്രയോഗിച്ച തന്ത്രം എന്ത് ?

**വിജയാശംസകൾ**

Scanned with CamScanner